# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1827 16.06.2014-ൽ മറുപടിയ്ക്ക്**

**കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട് പ്രകാരം നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ബാലൻ<br>ശ്രീമതി. കെ. കെ. ലതിക<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. എ. പ്രദീപ്കുമാർ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട് രാഷ്ട്രീയക്കാർക്കെതിരെ ദുർവിനിയോഗം ചെയ്യുവരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം സംസ്ഥാനത്ത് രാഷ്ട്രീയ പ്രതിയോഗികളെ നേരിടാൻ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) യഥാർത്ഥത്തിൽ സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങൾ നടത്തിവരുന്നവർക്കെതിരെ തന്നെ പ്രസ്തുത നിയമം നടപ്പിലാക്കാൻ തയ്യാറാകുമോ ; | (ബി) സംഘടിത കുറ്റകൃത്യങ്ങളും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും തുടർച്ചയായി നടത്തി വരുന്നവർക്കെതിരെയാണ് പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായ നടപടികൾ സ്വീകരിക്കുന്നത്. |
| സി) കള്ളനോട്ട് നിർമ്മിക്കുന്നവർ, മയക്കമരുന്ന് കുറ്റവാളികൾ, കള്ളക്കടത്തുകാർ, വ്യാജ വാറ്റുകാർ, ഹവാലതട്ടിപ്പുകാർ, ബ്ലേഡ് പലിശക്കാർ, വസ്തുകയ്യേറ്റക്കാർ ഉൾപ്പെടെയുള്ള ഗുണ്ടകൾ എന്നിവർക്കെതിരെ നിയമം പ്രയോഗിക്കാതെ രാഷ്ട്രീയ എതിരാളികളായ സാമൂഹ്യ പ്രവർത്തകർക്കെതിരെ ദുർവിനിയോഗം ചെയ്യുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) ആക്ടിന്റെ പരിധിയിൽ വരുന്നവർക്കെതിരെ ശക്തമായി നിലകൊള്ളാനും, ദുർവിനിയോഗം തടയാനും നടപടി സ്വീകരിക്കുമോ ; | (ഡി) ആക്ടിന്റെ പരിധിയിൽ വരുന്നവർക്കെതിരെ മാത്രമാണ് നടപടികൾ സ്വീകരിച്ചു വരുന്നത്. |

| | |
|---|---|
| ഇ) സംസ്ഥാനത്ത് എത്രയാളുകൾക്കെതിരെ പ്രസ്തുത ആക്ട് പ്രകാരം കേസ് എടുത്തിട്ടുണ്ട് ; എത്ര കേസുകളിൽ അപ്പീൽ അതോറിറ്റി മുമ്പാകെ ഹർജ്ജികൾ വന്നു ; കോടതി റദ്ദ് ചെയ്തുവ എത്ര ; ഇതുമായി ബന്ധപ്പെട്ട് ഇപ്പോഴും ജയിലുകളിൽ കഴിയുന്നവരെത്ര ? | (ഇ) പ്രസ്തുത നിയമ പ്രകാരം 1079 പേരെ കരുതൽ തടങ്കലിൽ വച്ചിട്ടുണ്ട്.അഡ്വൈസറി ബോർഡ് മുമ്പാകെ 985 കരുതൽ തടങ്കൽ കേസുകളും 155 സഞ്ചലന നിയന്ത്രണ കേസുകളും പരിഗണനയ്ക്കുവന്നു. 139 പേരുടെ കരുതൽ തടങ്കൽ ഉത്തരവ് ഹൈക്കോടതി റദ്ദ് ചെയ്തു. 51 പേർ ഈ നിയമപ്രകാരം ഇപ്പോൾ ജയിലിൽ കഴിയുന്നു. |

സെക്ഷൻ ഓഫീസർ